# വികസനം പ്രത്യയശാസ്ത്രമല്ല

എം. എൻ. കാരശ്ശേരി



വികസനം പ്രത്യയശാസ്ത്രമല്ല

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Rain, a painting by Hans Baluschek (1870–1935). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വികസനം പ്രത്യയശാസ്ത്രമല്ല

തെരഞ്ഞെടുപ്പ് കഴിഞ്ഞതും നമ്മുടെ നേതാക്കന്മാർ ഖേദപ്രകടനം ആരംഭിച്ചിരിക്കുന്നു; തെരഞ്ഞെടുപ്പു വിഷയമായി വികസനം ചർച്ചചെയ്യുവാൻ വേണ്ടത്ര സൗകര്യം കിട്ടിയില്ല; വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പലതും വിട്ടുപോയി; കഴിഞ്ഞ അഞ്ചു കൊല്ലം നേടിയ വികസനം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചില്ല; ഇപ്പോഴത്തെ സർക്കാർ കാര്യമായ വികസനമൊന്നും കൊണ്ടുവന്നിട്ടില്ല; മറ്റും മറ്റും...

ഓരോ മണ്ഡലത്തിലും ഓരോ സ്ഥാനാർത്ഥിയും വികസനവുമായി ബന്ധപ്പെട്ട തന്റെ നേട്ടങ്ങൾ വിവരിക്കുവാനോ, തന്റെ സങ്കല്പങ്ങൾ ആവിഷ്ക്കരിക്കുവാനോ ആണ് മിനക്കെട്ടത്.

എന്താ, വികസനം വേണ്ടതല്ലേ? അത് മോശമാണോ?

വികസനം വേണ്ടതുതന്നെ. തീർച്ചയായിട്ടും അതൊരു മോശം കാര്യമല്ല. പക്ഷേ, രാഷ്ട്രീയപ്രവർത്തനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വികസനമാണ് എന്നു ധരിച്ചുകളയരുത്. പ്രത്യയശാസ്ത്രത്തിന്റെ സ്ഥാനം പ്രവർത്തനപരിപാടികളിലൊന്നായ വികസനത്തിനു കൊടുത്തുകളയരുത്. പ്രത്യയശാസ്ത്രമില്ലാത്ത രാഷ്ട്രീയകക്ഷികളാണ് വികസനത്തെ പ്രത്യയശാസ്ത്രമാക്കുന്നത്. അതുകൊണ്ടാണ് ഓരോ കേരളകോൺഗ്രസ് വിഭാഗവും പ്രത്യയശാസ്ത്രമായി വികസനത്തെ കൊണ്ടാടുന്നത്. ഇപ്പോൾ മറ്റു കക്ഷികൾ അത് അനുകരിക്കാൻ ശ്രമിക്കുന്നു!

നമ്മുടെ ലക്ഷ്യവും മാർഗ്ഗവും കൂടിച്ചേർന്ന ആദർശമാണ് പ്രത്യയശാസ്ത്രം. വികസനമാവട്ടെ, ആ ആദർശം നേടുന്നതിന് ഉപായമായിത്തീരുന്ന അനേകം സംഗതികളിൽ ഒന്നുമാത്രവും. വികസനത്തെ പ്രത്യയശാസ്ത്രത്തിനു പകരം വെച്ചുകൂടാ.

ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം: സൗകര്യപൂർണ്ണമായ നിരത്ത് വികസനമാണ്; പണക്കാരും പാവപ്പെട്ടവരുമായ എല്ലാ ആളുകൾക്കും അതിൽ സഞ്ചാരസ്വാതന്ത്ര്യം കിട്ടുന്നത് സാമൂഹ്യനീതിയും. ഇതിലേതാണ് പ്രധാനം? നിരത്തിന് സൗകര്യം കുറഞ്ഞാലും അതിലൂടെ എല്ലാ വിഭാഗം ആളുകൾക്കും പോകാമെങ്കിൽ അതാണ് ഭേദം: വികസനത്തിന്റെ മേലെയാണ് പ്രത്യയശാസ്ത്രം.

മറ്റൊരു ഉദാഹരണം: കേരളത്തിലെ കുഗ്രാമങ്ങളിൽപ്പോലും കൊള്ളാവുന്ന നിരത്തുകളുണ്ട്. പക്ഷേ, പട്ടണങ്ങളിൽപ്പോലും സന്ധ്യകഴിഞ്ഞാൽ ഒരു സ്ത്രീക്ക് ഒറ്റയ്ക്ക് നടന്നുപോകാവുന്ന സാഹചര്യമില്ല. ഏതാണ് വികസനം? ആ നിരത്തോ? സ്ത്രീയ്ക്കു കിട്ടേണ്ട സാമൂഹ്യസുരക്ഷിതത്വമോ? ആ നിരത്തുകളിൽ കാണുന്നതിൽക്കൂടുതൽ വൃത്തി സ്ത്രീകളോട് പെരുമാറുന്നതിൽ വേണ്ടതല്ലേ? വികസനത്തെക്കാൾ പ്രധാനമല്ലേ, സ്ത്രീപുരുഷ സമത്വം?

സാമൂഹ്യനീതി ഉയർത്തിപ്പിടിക്കാത്ത എന്തും ജനവിരുദ്ധമായിരിക്കും. അണക്കെട്ട്, തുറമുഖം, വ്യവസായശാല, വ്യാപാരസ്ഥപനം, വിമാനത്താവളം, തീവണ്ടിപ്പാളം മുതലായവ പണിയുന്നതിലൂടെ നാടിന് വികാസമുണ്ടാകുന്നുണ്ട് എന്നത് നേരാണ്. അത്തരം കാര്യങ്ങൾക്കുവേണ്ടി കുടി ഒഴിപ്പിക്കപ്പെടുന്ന അനേകം കുടുംബങ്ങളുടെ പുനരധിവാസം ഭരണകർത്താക്കളുടെ ഉദാസീനതയിൽപ്പെട്ട് അനാഥമായിത്തീരുന്നു എന്നത് നമ്മുടെ നാട്ടിൽ ആവർത്തിച്ചുവരുന്ന അനുഭവമാണ്. നാട്ടിൽ വികസനമുണ്ടായി എന്ന് ആ നിരാംലംബരോട് പറയാൻ ആരു ധൈര്യപ്പെടും? അത്തരം നീതികേട് ജനങ്ങളോട് കാണിക്കരുത് എന്ന പ്രത്യയശാസ്ത്രബോധം ഉള്ള ഭരണകൂടമാണ് വികസനത്തിന്റെ യഥാർത്ഥമായ സൂചകം. മേൽപ്പറഞ്ഞതൊന്നും വേണ്ട എന്നല്ല. അതിന് ഇരയായോ, ബലിയായോ ഒരു പൗരൻപോലും തീർന്നുകൂടാ എന്ന് ഉറപ്പാക്കിയിട്ടേ അതിനൊക്കെ ഒരുങ്ങിപ്പുറപ്പെടാവൂ. അനേകം പേരുടെ സൗകര്യത്തിന് ഏതാനും പേരെ അഭയാർത്ഥികളാക്കുന്നത് നീതിയല്ല.

വികസനം എന്താണ് എന്നതിനെപ്പറ്റിത്തന്നെ നമ്മുടെ ആളുകൾക്ക് വലിയ അന്ധാളിപ്പുണ്ട്. കാർഷികപ്രദേശമായ കേരളത്തിൽ കൃഷി തകരുകയും കൃഷിക്കാരുടെ ആത്മഹത്യകൾ പെരുകുകയും ചെയ്യുമ്പോൾ നിരത്തും പാലവും വർദ്ധിക്കുന്നത് ഏതു കണക്കിലാണ് വികസനമാവുക? നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താത്ത നാട്ടിൽ മെഡിക്കൽ കോളേജിന്റെയും എൻജിനീയറിങ് കോളേജിന്റെയും എണ്ണം കൂടുന്നത് എങ്ങനെയാണ് വികസനമാവുക? വിലക്കയറ്റം തടയുന്ന സ്ഥിരസംവിധാനം ഉണ്ടാക്കാൻ പ്രാപ്തിയില്ലാത്തതുകൊണ്ടാണ് സർക്കാരിന് ഓണച്ചന്തയും ബക്രീദ് ബസാറും ക്രിസ്മസ് മാർക്കറ്റും നടത്തേണ്ടിവരുന്നത്. അത് വികസനമാണ് എന്നാരു പറയും?

സ്വാതന്ത്ര്യം കിട്ടി ആറു പതിറ്റാണ്ടുകഴിഞ്ഞിട്ടും കേരളത്തിലെ ഭരണഭാഷയും കോടതിഭാഷയും മലയാളം ആയിട്ടില്ല എന്നത് വികസനത്തിന്റെ പ്രശ്നമാണ് എന്ന് നമ്മുടെ നാട്ടിലെ എത്ര രാഷ്ട്രീയനേതാക്കന്മാർ തിരിച്ചറിയുന്നുണ്ട്? അതിൽ ഉള്ളടങ്ങിക്കിടക്കുന്ന അനീതി എത്രയോ 'വികസന'ങ്ങളെ അർത്ഥശൂന്യമാക്കുന്നില്ലേ?

ആദിവാസികളോടും പട്ടികജാതിക്കാരോടും പട്ടികവർഗ്ഗക്കാരോടും സ്ത്രീകളോടും നമ്മുടെ രാഷ്ട്രീയവും സാമൂഹ്യജീവിതവും നിരന്തരം കാണിച്ചുപോരുന്ന അന്യായങ്ങൾ വികസനരാഹിത്യത്തിന്റെ തെളിവല്ലയോ? തിരുവനന്തപുരത്ത് എന്താണ് ഇല്ലാത്തത്? ആധുനികത്വത്തിന്റേതായ എല്ലാം ആ തലസ്ഥാന നഗരിക്കുണ്ട്. അവിടെയാണ് 'കീഴ്ജാതി' എന്ന് വിളിക്കപ്പെടുന്ന സമുദായത്തിൽ പിറന്ന ഒരുദ്യോഗസ്ഥൻ അടുത്തുണ്ടായ പറ്റിപ്പിരിഞ്ഞ (31 മാർച്ച് 2011) തിന്റെ പിറ്റേന്ന് ചില ജാതിവെറിയന്മാർ ആ രജിസ്ട്രേഷൻ ഐ. ജി. ഇരുന്ന മേശയും കസേരയും മുറിയും എല്ലാം ചാണകവെള്ളം തളിച്ച് ശുദ്ധമാക്കിയത്! എന്താണ് ശുദ്ധി? എവിടെയാണ് അശുദ്ധി? എന്ത് വികാസമാണ് നമ്മൾ നേടിയത്?

അച്ചുതാനന്ദൻ സർക്കാറിന്റെ ഏറ്റവും വലിയ നേട്ടം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണത്തിൽ സ്ത്രീകൾക്ക് 50 ശതമാനം പങ്കാളിത്തം സംവരണം ചെയ്യുന്ന നിയമം കൊണ്ടുവന്നതാണ്. കേരളത്തിലെ സ്ത്രീശാക്തീകരണത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണത്. ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ (2010) അതിന്റെ മെച്ചം നമ്മൾ അനുഭവിക്കുകയും ചെയ്തു. ഇപ്പോഴത്തെ തെരഞ്ഞെടുപ്പിൽ കേരളനിയമസഭയിലെ 140 ഇരിപ്പിടങ്ങളിൽ 70 എണ്ണം (50 ശതമാനം) സ്ത്രീകൾക്ക് സംവരണം ചെയ്യുന്നതിനെപ്പറ്റിയാണ് നാം സംസാരിക്കേണ്ടിയിരുന്നത്. 2011-ലെ ജനസംഖ്യാക്കണക്കനുസരിച്ച് കേരളത്തിൽ 1000 പുരുഷന്മാർക്ക് 1084 സ്ത്രീകളുണ്ട്. കേരളം എന്നും ഒരു പെണ്ണധികനാടാണ്.

എന്തുകൊണ്ടാണ് സംസ്ഥാന നിയമസഭയിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടാതെ പോകുന്നത്? അധികാരത്തിൽ പങ്കാളിത്തം കൊടുക്കാതെ എങ്ങനെ സ്ത്രീശാക്തീകരണം നടക്കും? സംവരണമില്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയകക്ഷി ഇതൊക്കെ തിരിഞ്ഞുനോക്കുമോ? ഇത്തവണ നിയമസഭയിലേക്ക് മത്സരിച്ച വനിതാസ്ഥാനാർത്ഥികളുടെ കണക്കു നോക്കൂ: കേരളത്തിലെ ഏറ്റവും വലിയ കക്ഷി—സി. പി. എം.—എട്ടു പേരെയാണ് നിർത്തിയത്. രണ്ടാമത്തെ കക്ഷി—കോൺഗ്രസ്—ഏഴുപേരെ. മൂന്നാമത്തെ കക്ഷി—മുസ്ലീംലീഗ്—ഒരു മണ്ഡലത്തിലും ഒരു വനിതയെയും നിർത്തിയില്ല!

ഇത്തരം പ്രത്യയശാസ്ത്ര പ്രശ്നങ്ങളൊക്കെ അഗണ്യമാക്കിത്തള്ളിക്കൊണ്ട് വികസനം, വികസനം എന്നു ജപിക്കുന്നത് മുൻഗണനാക്രമം തെറ്റിക്കലാണ്. അതിനകത്ത് പത്തി താഴ്ത്തിക്കിടക്കുന്ന അനീതി നമ്മൾ, കേരളീയർ തിരിച്ചറിയേണ്ടതുണ്ട്. നീതിനിഷ്ഠമല്ലാത്ത വികസനം പ്രത്യയശാസ്ത്രമില്ലായ്മയിലൂടെ അരാഷ്ട്രീയതയിലേക്കാണ് നമ്മളെ കൊണ്ടുപോവുക.

സാമൂഹ്യനീതി കാറ്റിൽ പറത്തിക്കൊണ്ട് ഗുജറാത്ത് വാഴുന്ന നരേന്ദ്രമോദി 'വികസനനായകൻ' എന്ന് പേരെടുത്തതിൽ പുലരുന്ന ജനവിരുദ്ധത ഓർത്തുനോക്കിയാൽ ഇപ്പറഞ്ഞതെല്ലാം തിരിഞ്ഞു കിട്ടാൻ എളുപ്പമുണ്ട്.

(മലയാളം വാരിക. 6 മേയ് 2011)

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.